ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.01.2025**

## പ്രധാനവാർത്തകൾ

RNU TVM

1. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ ബഹളം.
2. സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ കേരളം മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രി ക്രിമിനലുകളെ ന്യായീകരിക്കുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ.
3. കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് നാളെ ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും.
4. നിയമവിരുദ്ധമായ എല്ലാ കടന്നുകയറ്റങ്ങളും ഉടനടി നിർത്തലാക്കുമെന്നും ക്രിമിനൽ പശ്ചാത്തലമുള്ളവരെ അവരുടെ രാജ്യത്തേയ്ക്ക് തിരിച്ചയക്കുമെന്നും ചുമതലയേറ്റശേഷം അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്.
5. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

6. ഐസിസി അണ്ടർ 19 വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന്റെ രണ്ടാം പതിപ്പിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ മലേഷ്യയെ നേരിടുന്നു.

==========================================

## നിയമസഭ

സംസ്ഥാന നിയമസഭ, ഇന്ന് എം.ടി.വാസുദേവൻ നായർ, കെ.മുഹമ്മദ് ഉണ്ണി ഹാജി എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ഇതു സംബന്ധിച്ച പ്രമേയം സ്പീക്കർ എ.എൻ.ഷംസീർ സഭയിൽ വായിച്ചു. ഏഴു ദശാബ്ദക്കാലം മലയാള സാഹിത്യത്തിൽ തെളിഞ്ഞുനിന്ന വ്യക്തിയായിരുന്നു എം.ടി യെന്ന് സ്പീക്കർ പറഞ്ഞു.

സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ കേരളം മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. കൂത്താട്ടുകുളത്ത് വനിതാ കൗൺസിലറോട് മോശമായി പെരുമാറിയ സംഭവത്തിൽ അനൂപ് ജേക്കബ് കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

മുഖ്യമന്ത്രി ക്രിമിനലുകളെ ന്യായീകരിക്കുന്നതായും പരിഷ്കരണ കേരളത്തിൽ നീതിയുടെ സംരക്ഷണം നൽകേണ്ട പോലീസ് മോശം പ്രവർത്തിക്ക് കൂട്ടുനിൽക്കുന്നതായും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആരോപിച്ചു.

തെറ്റ് ചെയ്തവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും സ്ത്രീകൾക്കെതിരെയുള്ള ആക്രമണം ഗൗരവകരമായാണ് കാണുന്നതെന്നും മുഖ്യമന്ത്രി സഭയിൽ അറിയിച്ചു.

അതിനാൽ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. നടപടികൾ

RNU TVPM

നിർത്തിവയ്ക്കണമെന്ന ആവശ്യം ഉന്നയിച്ച് പ്രതിപക്ഷം സഭയിൽ ബഹളം വച്ചതിനെ തുടർന്ന് സ്പീക്കർ മറ്റ് സഭാ നടപടികളിലേയ്ക്ക് കടന്നു.

ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച ആവശ്യങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്ര റെയിൽവേ വകുപ്പ് അറിയിച്ചതായി മന്ത്രി അബ്ദുൾ റഹ്മാൻ നിയമസഭയിൽ അറിയിച്ചു.

===============================================

## പ്രമേയം മുഖ്യമന്ത്രി

യു.ജി.സി. ഈ മാസം 6 ന് പുറപ്പെടുവിച്ച കരട് മാനദണ്ഡങ്ങൾ പിൻവലിച്ച് പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ അവതരിപ്പിച്ചു. ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കാനുള്ളനീക്കമാണ് മാനദണ്ഡങ്ങൾ എന്നും ഇത് തീർത്തും പ്രതിഷേധാർഹമാണ് എന്നും മുഖ്യമന്ത്രി പറഞ്ഞു. ഉന്നതവിദ്യാഭ്യാസരംഗത്തെ ജനാധിപത്യമൂല്യങ്ങൾ തകർക്കാനും പ്രസ്തുത മേഖലയിൽ മത-വർഗീയ ആശയങ്ങൾ പ്രചരിപ്പിക്കാനുമുള്ള നീക്കങ്ങളുടെ ഭാഗമായി മാത്രമേ 2025 ലെ കരട് യു.ജി.സി മാനദണ്ഡങ്ങളെ കാണുവാൻ കഴിയൂ. സംസ്ഥാന സർക്കാരുകളുടെയും അക്കാദമിക് വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും ആശങ്കകളും പരിഗണിച്ച് കരട് യു.ജി.സി മാനദണ്ഡങ്ങൾ ഉടൻ പിൻവലിച്ച് , വിശദമായ ചർച്ചകൾ നടത്തി മാത്രമേ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കാൻ പാടുള്ളൂവെന്നും കേന്ദ്ര

RNU TVPM

സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയമാണ് മിഖ്യമന്ത്രി അവതരിപ്പിച്ചത്.

==========================================

## സുഗതോത്സവം

കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് നാളെ ആറന്മുളയിൽ ഉദ്ഘാടനം ചെയ്യും. 'സുഗതോത്സവം' എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി കവിതാലാപനം, ഉപന്യാസ മത്സരം, വൃക്ഷത്തൈ നടീൽ തുടങ്ങി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു.

==========================================

## ട്രംപ് – ലോക നേതാക്കൾ

രണ്ടാം തവണയും അമേരിക്കയുടെ പ്രെസിഡന്റായ ഡൊണാൾഡ് ട്രംപിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള ലോക നേതാക്കൾ അഭിനന്ദിച്ചു. ഇരു രാജ്യങ്ങൾക്കും പ്രയോജനം ചെയ്യുന്നതിനും ലോകത്തിന് മികച്ച ഭാവി രൂപപ്പെടുത്തുന്നതിനും ഒരിക്കൽ കൂടി ഒരുമിച്ച് പ്രവർത്തിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ മോദി പറഞ്ഞു. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ്, ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ

RNU TVPM

ലെയ്ൻ തുടങ്ങിയ പ്രമുഖർ ഡോണൾഡ് ട്രംപിന് ആശംസകൾ അറിയിച്ചു.

==========================================

## നിരവധി ഉത്തരവുകൾ - ട്രംപ്

അധികാരമേറ്റത്തിന്റെ ആദ്യ ദിനം തന്നെ നിരവധി ഉത്തരവുകളിൽ ഒപ്പുവച്ച് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. മെക്സിക്കോയുമായുള്ള അമേരിക്കയുടെ തെക്കൻ അതിർത്തിയിൽ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുക എന്നതിനാണ് മുൻഗണനയെന്ന് ട്രംപ് പറഞ്ഞു. നിയമവിരുദ്ധമായ എല്ലാ കടന്നുകയറ്റങ്ങളും ഉടനടി നിർത്തലാക്കുമെന്നും ക്രിമിനൽ പശ്ചാത്തലമുള്ള ദശലക്ഷക്കണക്കിന് ആളുകളെ അവരുടെ തന്നെ സ്ഥലങ്ങളിലേക്ക് തിരിച്ചയക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതിർത്തിയിൽ ഉടനടി സൈനികരെ വിന്യസിക്കാൻ ഉത്തരവിടുമെന്നും യുഎസ് പ്രസിഡന്റ് പറഞ്ഞു. കുടിയേറ്റം തടയുക, ഫോസിൽ ഇന്ധന ഉൽപ്പാദനം വർധിപ്പിക്കുക, പാരിസ്ഥിതിക നിയന്ത്രണങ്ങൾ പിൻവലിക്കുക തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകുമെന്നും ട്രംപ് പറഞ്ഞു. ഫെഡറൽ ജീവനക്കാർക്കുള്ള വർക്ക് ഫ്രം ഹോം അവസാനിപ്പിക്കുന്നതായിരുന്നു ആദ്യം ഒപ്പുവയ്ച്ച ഉത്തരവ്.

RNU TVPM

==========================================

## ട്രംപ് – സത്യപ്രതിജ്ഞ

അമേരിക്കയുടെ 47-മത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ പങ്കെടുത്തും.

==========================================

**ഉപരാഷ്ട്രപതി**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഏകദിന സന്ദർശനത്തിനായ് ഇന്ന് ഛത്തിസ്ഗഢിലെ റായ്പൂരിലെത്തും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റായ്പൂർ, ഭിലായ് ഐഐടി, റായ്പൂർ ഐഐഎം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കും. Ideas for building Better Bharat എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് സംവാദം.

=============================================

**കവചം (ഇൻട്രോ)**

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

**വിശദാംശങ്ങളിലേയ്ക്ക്....**

**(വോയിസ്)**

=============================================

**കവചം (വോയിസ്)**

ദേശീയ ദുരന്ത നിവാരണ അതോറിറ്റി, ലോകബാങ്ക് എന്നിവയുടെ സഹായത്തോടെ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരള വാണിങ് ക്രൈസിസ് ആൻഡ് ഹസാർഡ് മാനേജ്മെന്റ് സിസ്റ്റം അഥവാ ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനമാണിത്. ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതിയുടെ ഭാഗമായാണ് പദ്ധതി തയാറാക്കിയിരിക്കുന്നത്. അതിതീവ്ര ദുരന്ത സാധ്യത സംബന്ധിച്ച മുന്നറിയിപ്പുകൾ

RNU TVPM

ജനങ്ങളിലെത്തിക്കാൻ സമൂഹ്യ മാധ്യമങ്ങൾ, എസ്എംഎസ് എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഉപയോഗിക്കുന്നുണ്ട്. ഇവക്ക് പുറമെ സൈറൺ - സ്ട്രോബ് ലൈറ്റ് ശൃംഖല എന്നിവയാണ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച 91 സൈറണുകൾ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രവർത്തിപ്പിക്കും. 14 ജില്ലകളിലായി സ്കൂളുകൾ, പൊതുകെട്ടിടങ്ങൾ, എന്നിവയിലാണ് സൈറൺ സ്ഥാപിച്ചിരിക്കുന്നത്.

ന്യൂസ് ഡെസ്ക് ആകാശവാണി....

==========================================

വയനാട് പട്ടിക

ചൂരൽമല - മുണ്ടക്കൈ ദുരന്തത്തിൽ പെട്ട് കാണാതായവരുടെ പട്ടിക അംഗീകരിച്ചു. ഇതുവരെയും തിരിച്ചറിയാത്ത 32 പേരുടെ പട്ടികയാണ് വയനാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചത്. 231 മൃതദേഹങ്ങളും 223 മൃതദേഹ ഭാഗങ്ങളുമാണ് ഇതുവരെ കണ്ടെടുത്തത്. ദുരന്തത്തിൽ 298 പേർ മരിച്ചതായാണ് കണക്കാക്കുന്നത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളരിമല വില്ലേജ് ഓഫീസർ, മേപ്പാടി പഞ്ചായത് സെക്രട്ടറി, മേപ്പാടി സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവർ ചേർന്ന് തയാറാക്കിയ പട്ടികയാണ് അംഗീകരിച്ചിരിക്കുന്നത്. സംസ്ഥാനതല സമിതി പട്ടിക പരിശോധിക്കും. സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവരെ ദുരന്തത്തിൽ മരണപെട്ടവരായി കണക്കാക്കി സർക്കാർ ഉത്തരവിറിക്കും.

==========================================

RNU TVPM

## സരസ് മേള ( ഇൻട്രോ)

ഗ്രാമീണ വനിതാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരമ്പരാഗത ഗ്രാമീണ ഉത്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം നല്കുന്നതിനുമായി കുടുംബശ്രീ ദേശീയ സരസ് മേള ചെങ്ങന്നൂരിൽ പുരോഗമിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ രാജ്യമൊട്ടാകെയുള്ള സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് നടക്കുന്ന മേള ഈ മാസം 31 ന് സമാപിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി **ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവി കുമാർ.**

(ഹോൾഡ്)

PNU TVPM

==========================================

## വനിതാ ടി-20

ഐസിസി അണ്ടർ 19 വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന്റെ രണ്ടാം പതിപ്പിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ മലേഷ്യയെ നേരിടും. ഉച്ചയ്ക്ക് ക്വാലാലംപൂരിൽ ആണ് മത്സരം. മറ്റൊരു മത്സരത്തിൽ, വെസ്റ്റ് ഇൻഡീസ് ശ്രീലങ്കയുമായി ഏറ്റുമുട്ടും. കഴിഞ്ഞ ദിവസം വെസ്റ്റ് ഇൻഡീസിനെതിരെ 9 വിക്കറ്റിന്റെ വിജയത്തോടെയാണ് ഇന്ത്യ ടൂർണമെന്റ് ആരംഭിച്ചത്.

==========================================

## ദേശീയ ഗെയിംസ്

ഈ മാസം 28 മുതൽ ഉത്തരാഖണ്ഡിൽ ആരംഭിക്കുന്ന 38-മത് ദേശീയ ഗെയിംസിൽ കേരളം 29 കായിക ഇനങ്ങളിൽ പങ്കെടുക്കും. 451 താരങ്ങളാണ് സംസ്ഥാനത്ത് നിന്ന് ഗെയിംസിൽ മാറ്റുരയ്ക്കുക.

==========================================

കണ്ണൂർ (ഇൻട്രോ)

കിണറിനകത്ത് അകപ്പെടുന്ന മൃഗങ്ങളെ പുറത്തെത്തിക്കുന്നതിന് ഇരിട്ടി അഗ്നിരക്ഷാ സേന കണ്ടെത്തിയ പുതിയ ഉപകരണം ശ്രദ്ധേയമാകുന്നു. ട്രൈപോഡ് രൂപത്തിലുള്ള ഉപകരണം പ്രവർത്തിപ്പിക്കുന്നതിനും എളുപ്പമാണ്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ** തയ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ്)

==========================================

ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 290 പോയിന്റ് ഇടിഞ്ഞ് 76,733 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 68 പോയിന്റ് നഷ്ടത്തിൽ 23,180 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. പവന് 59,600 രൂപയും ഗ്രാമിന് 7,450 രൂപയുമാണ് ഇന്നത്തെ വില.

=====================================================

==================================

RNU TVPM